# കേരള സർവകലാശാല

നം.പി.ആർ.150/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) മേയ് 2019 (സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരത്തും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് ബാർട്ടൺഹിൽ, ടി.കെ.എം കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം എന്നീ കേന്ദ്രങ്ങളിൽ വെച്ചും ജൂലൈ 18 ന് നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ രജിസ്ട്രേഷൻ

2019 സെപ്റ്റംബർ മുതൽ നവംബർ വരെ നടക്കുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.ബി.എ 2009 സ്കീം - മേഴ്സിചാൻസ് പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. 2009, 2010 അഡ്മിഷൻ ഓഫ്‌ലൈനായും 2011, 2012, 2013 അഡ്മിഷൻ ഓൺലൈനായും രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2019 ആഗസ്റ്റിൽ നടക്കുന്ന റെഗുലർ ബി.ടെക് നാലാം സെമസ്റ്റർ (2013 സ്കീം) കോഴ്സ് കോഡിൽ വരുന്ന ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) രണ്ട്, നാല് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജനുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും പിഴ കൂടാതെ ജൂലൈ 22 വരെയും പിഴയോടെ ജൂലൈ 29 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്

വിദൂര വിദ്യാഭ്യാസ വകുപ്പ് രണ്ടാം സെമസ്റ്റർ ബി.എ/ബി.എസ്.സി മലയാളം, ഹിന്ദി, മാത്തമാറ്റിക്സ് ക്ലാസുകൾ കാര്യവട്ടം കാമ്പസിലും ബി.എ/ബി.എസ്.സി ഇംഗ്ലീഷ്, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഹിസ്റ്ററി ക്ലാസുകൾ പാളയം എസ്.ഡി.ഇ യിലും ജൂലൈ 13 മുതൽ ആരംഭിക്കും. നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് ക്ലാസുകൾ ജൂലൈ 13 മുതൽ കാര്യവട്ടം കാമ്പസിലേയ്ക്ക് മാറ്റിയിരിക്കുന്നു.

## പൂർവ വിദ്യാർത്ഥി സംഗമം

സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ജൂലൈ 13 ന് രാവിലെ 10 മണിയ്ക്ക് പൂർവ വിദ്യാർത്ഥി സംഗമം സംഘടിപ്പിക്കുന്നു. ഈ വകുപ്പിൽ പഠന ഗവേഷണം നടത്തിയിട്ടുള്ള എല്ലാ പൂർവ വിദ്യാർത്ഥികളും പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.

## കേരള സർവകലാശാല യു.ജി/പി.ജി പ്രവേശനം 2019

## കമ്മ്യൂണിറ്റി ക്വാട്ട ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ യു.ജി കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനുള്ള ലിസ്റ്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ലിസ്റ്റ് പരിശോധിച്ച്, ഏകജാലക സംവിധാനം വഴി സമർപ്പിച്ച കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ടും കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പും ജൂലൈ 15, 16 തീയതികളിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. ജൂലൈ 17-ാം തീയതി കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും. പ്രസ്തുത റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ജൂലൈ 18, 19, 20 തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നടക്കും. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം,
11-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**